DESPATCHED
3/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No. 2168(5)/21/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 14154/SIC-G7/2021**

**സന്നിഹിത**

**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി –20.02.2023**

**ശ്രീ. രാജു വാഴക്കാല,**
**തുണ്ടിപ്പറമ്പിൽ വീട്,**
**കമ്പിവേലിക്കകം**
**കാക്കനാട് – 682 030.**

} **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**തൃക്കാക്കര നഗരസഭ, കാക്കനാട്.**

**അപ്പീൽ അധികാരി,**
**തൃക്കാക്കര നഗരസഭ, കാക്കനാട്.**

} **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 05.08.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | --- |
| ഒന്നാംഅപ്പീൽ | 05.10.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാംഅപ്പീൽ | 29.10.2021 |
| ഹിയറിംഗ്തീയതി | 25.11.2022 |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, 2021 ആഗസ്റ്റ് 1/ തീയതിയിലെ നഗരസഭ ചെയർപേഴ്സണിന്റെയും സെക്രട്ടറിയുടെയും ക്യാബിന് മുന്നിലുള്ള ക്യാമറകളിലേയും ഫ്രണ്ട് ഓഫീസിന്റെ മുന്നിലുള്ള പ്രധാന ഗേറ്റായ വടക്കേ ഗേറ്റിലൂടെ വരുന്ന വാഹനങ്ങളുടെയും ആളുകളുടേയും ദൃശ്യങ്ങളാണ്.

2. പ്രസ്തുത അപേക്ഷയിൻമേൽ ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ രണ്ടാം എതിർകക്ഷിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. 07.02.2022 തീയതി റിപ്പോർട്ട് ലഭിക്കുകയും ഉണ്ടായി.

3. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 25.01.2022 തീയതി നടന്ന ഹിയറിംഗിൽ അപ്പീൽഹർജിക്കാരനും എസ്.പി.ഐ.ഒയും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി.

4. അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ ബോധ്യപ്പിച്ചത്, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും വിവരം ലഭ്യമായിട്ടിയില്ലായെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട റിക്കോർഡ് ചെയ്യപ്പെട്ട ദൃശ്യങ്ങൾ ലഭ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നും വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷയ്ക്ക് നഗരസഭയിൽ നിന്ന് വ്യക്തമായ വിവരം നൽകാറില്ലായെന്നുമാണ്.

5. നഗരസഭയിൽ നിന്നും 27.08.2021 തീയതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി ക്യാമറകളിലെ ഡാറ്റാ കളക്ട് ചെയ്യുന്നതിനു വേണ്ടി നിലവിലുള്ള യുസർ ഐ.ഡി ആന്റ് പാസ്‌വേഡ് ചെയ്ഞ്ച് ചെയ്യുകയും ആയത് തിരികെ നഗരസഭയ്ക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതും യൂസർ ഐ.ഡി പാസ്‌വേഡും നഗരസഭയ്ക്ക് തിരികെ നൽകുന്നതിന് വേണ്ടി നിരവധി തവണ നഗരസഭയിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഓഫീസിലേയ്ക്ക് കത്തുകൾ നൽകിയിട്ടും ആയത് നാളിതുവരെയായി നഗരസഭയിൽ ലഭ്യമാക്കിയിട്ടില്ലായെന്നും നിലവിൽ സി.സി.ടി.വി ക്യാമറകളിലൂടെ ദൃശ്യങ്ങൾ കാണുവാൻ അല്ലാതെ ഫൂട്ടേജുകൾ ലഭ്യമാക്കുവാൻ സാധിക്കുകയില്ല എന്ന് 23.09.2021 തീയതി ടിയാനെ അറിയിച്ചുവെന്നും ഒന്നാം അപ്പീൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് 01.11.2021 തീയതിയും മറുപടി നൽകി എന്നുമാണ് ഒന്നാം എതിർകക്ഷി ബോധിപ്പിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന്റെ 25.08.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്കും 05.10.2021 ലെ അപ്പീലിനും മറുപടി നൽകിയിട്ടുള്ളതായി ഒന്നാം എതിർകക്ഷി അറിയിച്ചിട്ടുണ്ടെങ്കിലും കമ്മീഷന് വിശ്വാസയോഗ്യമായി തോന്നുന്നില്ല ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമായിട്ടില്ല എന്ന ഹർജിക്കാരന്റെ വാദം കമ്മീഷൻ ഗൗരവത്തിൽ കാണുന്നു. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി വിവരം നൽകാതിരുന്ന എസ്.പി..ഐ.ഒയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതര വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി

സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

7. 05.10.2021 തീയതിയിലെ ഒന്നാം അപ്പീലിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്ത ഒന്നാം അപ്പീൽ അധികാരിയുടെ വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

8. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുവാൻ കഴിയില്ല എന്ന ഒന്നാം എതിർകക്ഷിയുടെ മൊഴി കമ്മീഷൻ അംഗീകരിക്കുന്നില്ല. ടിയാൻ ആവശ്യപ്പെട്ട 2021 ആഗസ്റ്റ് 17-ാം തീയതിയിലെ ചെയർപേഴ്സണിന്റെയും സെക്രട്ടറിയുടെയും ക്യാബിനു മുന്നിലുള്ള ക്യാമറകളിലേയും ഫ്രണ്ട് ഓഫീസിന് മുന്നിലുള്ള ക്യാമറകളിലെയും ദൃശ്യങ്ങൾ നൽകുന്നതിന് യൂസർ ഐഡി, പാസ് വേഡ് എന്നിവയിൽ മാറ്റം വരുത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലേയ്ക്ക് കൊണ്ട് പോയിട്ടുണ്ടെങ്കിൽ 6(3) പ്രകാരം അപേക്ഷ കൈമാറുന്നതിന് പകരം ഇതു വരെയും അവിടെ നിന്ന് വിവരം ലഭിച്ചിട്ടില്ല എന്ന തെറ്റായ വിവരമാണ് എസ്.പി.ഐ.ഒ നൽകിയത്. ഈ സാഹചര്യത്തിൽ ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ സൗജന്യമായി വിവരം നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

9. ഇപ്രകാരം ഈ അപ്പീൽ ഹർജിയിൻമേൽ **ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 20-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി